**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 108** **07-02-2023 - ൽ മറുപടിയ്ക്ക്**

**ഇടുക്കിയിലെ പട്ടയഭൂമിയിലെ ഗാർഹികേതര നിർമ്മാണങ്ങളുടെ വിലക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കിയിൽ ഭൂപതിവ് നിയമ പ്രകാരം പതിച്ച് നൽകിയ ഭൂമിയിൽ ഗാർഹികേതര നിർമ്മാണങ്ങളും കൃഷി ഭൂമിയുടെ വകമാറ്റിയ വിനിയോഗവും വിലക്കിയത് സൃഷ്ടിച്ച പ്രശ്നങ്ങൾ പരിഹരിക്കാൻ തീരുമാനമായിട്ടുണ്ടോ; | (എ) | WP(C) 34095/2007 നമ്പർ കേസിൽ ബഹു. കേരള ഹൈക്കോടതിയുടെ 21.10.2010 തീയതിയിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ ഏതാനും വില്ലേജുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിൽ നിന്നും നിരാക്ഷേപ പത്രം വാങ്ങിയിരിക്കണമെന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുള്ളതാണ്. ഇടുക്കി ജില്ലയിലെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾ സംബന്ധിച്ച് 17.12.2019 തീയതിയിൽ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി യോഗം ചേർന്ന് ചർച്ച ചെയ്തിട്ടുള്ളതാണ്.<br><br>ബോധപൂർവം ചട്ടങ്ങൾ പാലിക്കാതെയും ഉള്ള വൻകിട നിർമ്മാണങ്ങൾ സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കുന്നതല്ല എന്നും ആരാധനാലയങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആശുപത്രികൾ തുടങ്ങിയവയുടെ വിഷയത്തിലും സാധാരണക്കാരായ ജനങ്ങളെയും കർഷകരെയും പരിഗണിച്ചുകൊണ്ട് അനുകൂല നിലപാടുകൾ സ്വീകരിക്കുമെന്നും ഈ യോഗത്തിൽ തീരുമാനിച്ചിരുന്നു. തുടർന്നു 14.02.2022 ൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടത്തിയ വീഡിയോ കോൺഫറൻസിൽ വാണിജ്യ നിർമ്മാണ പ്രവർത്തികളുടെ ക്രമവത്കരണം, കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 1964 -ലെ ഭൂമി പതിവ് ചട്ടങ്ങൾ എന്നിവ ഭേദഗതി ചെയ്യുന്നത്, എന്നീ വിഷയങ്ങൾ ചർച്ച ചെയ്തിട്ടുള്ളതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി ആവശ്യമാണെന്ന് കാണുന്നതിനാൽ ആയതു സംബന്ധിച്ച 10.01.2023 ഉന്നത തല യോഗം |

| | | | |
|---|---|---|---|
| | | | ചേർന്നിട്ടുള്ളതും ജില്ലയിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയമ ഭേദഗതി ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നതുമാണ്. മൂന്നാർ മേഖലയിൽ കോടതി വിധിപ്രകാരം NOC നിർബന്ധമാക്കിയ വില്ലേജുകളിൽ നിന്നും ആനവിലാസം വില്ലേജിനെ ഒഴിവാക്കി 01.02.2023 തീയതിയിൽ G.O (Ms) 17/2023/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പട്ടയഭൂമിയിൽ കൈവശക്കാർ വച്ച് പിടിപ്പിച്ച മരങ്ങൾ മുറിക്കാൻ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പട്ടയ ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിനു ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഏലമല റിസർവ് വനത്തിൽ കൈവശക്കാർക്ക് പട്ടയം അനുവദിക്കാൻ തീരുമാനമായിട്ടുണ്ടോ; എങ്കിൽ ഇത് എത്ര പേർക്ക് പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കാമോ? | (സി) | ഏലമല റിസർവ് വനത്തിൽ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ചു വരുന്നു. ഏകദേശം 5800 അപേക്ഷകൾ ഉടുമ്പൻചോല ഇടുക്കി താലൂക്കുകളിലായി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# വിശദീകരണകുറിപ്പ്

WP(C) 34095/2007 നമ്പർ കേസിൽ ബഹു. കേരള ഹൈക്കോടതിയുടെ 21.10.2010 തീയതിയിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ ഏതാനും വില്ലേജുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിൽ നിന്നും നിരാക്ഷേപ പത്രം വാങ്ങിയിരിക്കണമെന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുള്ളതാണ്. ഇടുക്കി ജില്ലയിലെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾ സംബന്ധിച്ച് 17.12.2019 തീയതിയിൽ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി യോഗം ചേർന്ന് ചർച്ച ചെയ്തിട്ടുള്ളതാണ്.

ബോധപൂർവം ചട്ടങ്ങൾ പാലിക്കാതെയും ഉള്ള വൻകിട നിർമ്മാണങ്ങൾ സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കുന്നതല്ല എന്നും ആരാധനാലയങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആശുപത്രികൾ തുടങ്ങിയവയുടെ വിഷയത്തിലും സാധാരണക്കാരായ ജനങ്ങളെയും കർഷകരെയും പരിഗണിച്ചുകൊണ്ട് അനുകൂല നിലപാടുകൾ സ്വീകരിക്കുമെന്നും ഈ യോഗത്തിൽ തീരുമാനിച്ചിരുന്നു. തുടർ ന്നു 14.02.2022 ൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടത്തിയിട്ടുള്ള വീഡിയോ കോൺഫറൻസിൽ വാണിജ്യ നിർമ്മാണ പ്രവർത്തികളുടെ ക്രമവത്കരണം, കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 1964 -ലെ ഭൂമി പതിവ് ചട്ടങ്ങൾ എന്നിവ ഭേദഗതി ചെയ്യുന്നത്, എന്നീ വിഷയങ്ങൾ ചർച്ച ചെയ്തിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി ആവശ്യമാണെന്ന് കാണുന്നതിനാൽ ആയതു സംബന്ധിച്ച 10.01.2023 ഉന്നതല യോഗം ചേർന്നിട്ടുള്ളതും ജില്ലയിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയമ ഭേദഗതി ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിച്ച വരുന്നതുമാണ്.

ഇടുക്കി ജില്ലയിലെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾ സംബന്ധിച്ച ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ യോഗങ്ങൾ കൂടിയിട്ടുള്ളതും അവ പരിഹരിക്കുന്നതിന് നിയമ ഭേദഗതി ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിച്ച വരുന്നതുമാണ്.

ഏലമല റിസർവ് വനത്തിൽ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ച് വരുന്നതും ഏകദേശം 5800 അപേക്ഷകൾ ഉടുമ്പൻചോല ഇടുക്കി താലൂക്കുകളിലായി ലഭിച്ചിട്ടുണ്ട്.

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് NOC വേണമെന്ന നിബന്ധനയിൽ നിന്നും ആനവിലാസം വില്ലേജിനെ ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എ)വകുപ്പ്**

സ.ഉ.(കൈ) നം.17/2023/RD തീയതി,തിരുവനന്തപുരം, 01-02-2023

---

പരാമർശം:-

1. ബഹു.ഹൈക്കോടതിയുടെ WP(C) 1801/2010 & WP(C) 34095/2007 നം കേസിലെ 21.01.2010 ലെ ഉത്തരവ്.
2. ഇടുക്കി ജില്ലാ കളക്ടറുടെ 09.06.2016, 01.08.2016, 19.11.2016 എന്നീ തീയതികളിലെ C4-25908/2015 നം. സർക്കുലറുകൾ
3. ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11.01.2021 ന് ചേർന്ന യോഗത്തിന്റ് മിനിട്ട്സ്.
4. ഇടുക്കി ജില്ലാ കളക്ടറുടെ 19.09.2021 ലെ DCIDK/3701/2018-C4 നം കത്ത്.
5. ലാന്റ് റവന്യൂ കമ്മീഷണറുടെ 10.12.2022 ലെ LR/4570/2021-LR(J1) നം കത്ത്.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ മൂന്നാർ ഉൾപ്പെടെയുള്ള മേഖലകളിൽ അനധികൃതമായി ഭൂമി കയ്യേറിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തടയണമെന്നതു സംബന്ധിച്ച് One Earth One Life എന്ന സംഘടന ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിൽ പരാമർശം (1) പ്രകാരം ബഹു.ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. മൂന്നാർ മേഖലയിൽ പരിസ്ഥിതിക്ക് കോട്ടം തട്ടുന്ന തരത്തിലുള്ള കയ്യേറ്റം നടത്തി അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ, ഖനന പ്രവർത്തനങ്ങൾ എന്നിവ നടക്കുന്നതായി പ്രസ്തുത വിധിന്യായത്തിൽ പരാമർശിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ മൂന്നാർ മേഖലയിൽ റവന്യൂ വകുപ്പിന്റെ No Objection Certificate ഇല്ലാതെയും പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയും യാതൊരു വിധ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നില്ലായെന്ന് റവന്യൂ, തദ്ദേശ സ്വയം ഭരണ, പൊലീസ്,വനം വകുപ്പുകളുടെ മേധാവികൾ ഉറപ്പുവരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

2. മേൽ ഉത്തരവിന്റെയടിസ്ഥാനത്തിൽ മൂന്നാർ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ NOC നിർബന്ധമാക്കിക്കൊണ്ടും അപ്രകാരം സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടും ഇടുക്കി ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ചിന്നക്കനാൽ, കണ്ണൻദേവൻ ഹിൽസ്, ശാന്തൻപാറ, വെള്ളത്തൂവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൺവാലി എന്നീ വില്ലേജുകളിലും കണ്ണൻദേവൻ ഹിൽസ് വില്ലേജിനെ വിഭജിച്ച് രൂപീകരിച്ച മൂന്നാർ വില്ലേജിലുമാണ് നിർമാണപ്രവർത്തനങ്ങൾക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഏർപ്പെടുത്തിയിട്ടുള്ളത്.

3. ഉടുമ്പൻചോല താലൂക്കിലെ ആനവിലാസം വില്ലേജ് മൂന്നാറിൽ നിന്നും വളരെ അകലെ സ്ഥിതി ചെയ്യുന്നതും ഭൂമിശാസ്ത്രപരമായും കാലാവസ്ഥാപരമായും മൂന്നാർ മേഖലയിൽ നിന്നും ഏറെ വ്യത്യസ്തവുമാണെന്നും ടി പ്രദേശത്ത് കാർഷികവൃത്തി ഒരു മുഖ്യ ജീവനോപാധി ആയിട്ടുള്ളതും വ്യാപകമായി ഏലം കൃഷി ചെയ്തു വരുന്നതുമാണെന്നും പരാമർശം (4) പ്രകാരം ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ആനവിലാസം എന്ന പ്രദേശം ടൂറിസം മേഖലയുമായി കാര്യമായ ബന്ധമില്ലാത്തതും മുഖ്യമായും കാർഷിക മേഖലയായി നിലകൊള്ളുന്നതുമാണെന്നും എന്നാൽ മൂന്നാർ പ്രദേശത്ത് പൊതുവേയുള്ള ഭൂമി കൈയ്യേറ്റങ്ങളോ വൻകിട നിർമ്മാണ പ്രവർത്തനങ്ങളോ ഹോട്ടൽ / റിസോർട്ട് നിർമ്മാണങ്ങളോ

ആനവിലാസം വില്ലേജിൽ നടക്കുന്നില്ലായെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത കാരണങ്ങളാൽ നിർമ്മാണങ്ങൾ നടത്തുന്നതിന് എൻ.ഒ.സി വേണമെന്ന നിബന്ധനയിൽ നിന്നും ആനവിലാസം വില്ലേജിനെ ഒഴിവാക്കാവുന്നതാണെന്ന് ജില്ലാ കളക്ടറും ലാന്റ് റവന്യൂ കമ്മീഷണറും യഥാക്രമം പരാമർശം (4), (5) പ്രകാരം ശുപാർശ ചെയ്തിരുന്നു.

4. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് NOC വേണമെന്ന നിബന്ധനയിൽ നിന്നും ആനവിലാസം വില്ലേജിനെ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മേരി ലാലി.സി.വൈ
അഡിഷണൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, ഇടുക്കി
തദ്ദേശ സ്വയംഭരണ വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ (റവ-എ2/207/2022-റവ)

ഉത്തരവിൻ പ്രകാരം
Signed by Sajeevan K K
Date: 01-02-2023 17:47:59
Reason: Approved
സെക്ഷൻ ഓഫീസർ